ശുപാർശ ചെയ്യാത്ത കോളേജുകളുടെ വിശദവിവരങ്ങൾ

1. കെ.കെ.റ്റി.എം. സർക്കാർ കോളേജ്, പുല്ലൂക്ക്	1. എം.എ. മലയാളം
2. റ്റി.എം. സർക്കാർ കോളേജ്, തിരൂർ	1. ബി.എസ്സി. ഫിസിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് 2. ബി.എ. ഹിസ്റ്ററി 3. എം. എ. അറബിക് ആന്റ് മലയാളം
3. മഹാരാജാസ് കോളേജ്, എറണാകുളം	1. എം.എ. മ്യൂസിക്

(ഡി) പ്രൈവറ്റ് കോളേജുകളുടെ അപേക്ഷകൾ അവർ നേരിട്ട് സർവ്വകലാശാലകളിൽ സമർപ്പിക്കുകയാണ് പതിവ്.

ബി.എഡ്. കോളേജുകൾ

130 (3689) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതൊക്കെ മേഖലകളിലായി എത്ര ബി.എഡ് കോളേജുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയിലാകെ എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ടെന്ന് മേഖല തിരിച്ച് വ്യക്തമാക്കാമോ ;

(സി) ബി.എഡ്. പാസ്സായി തൊഴിൽ കിട്ടാത്തവരായി എത്രപേർ സംസ്ഥാനത്തുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ഡി) പുതുതായി വീണ്ടും ബി.എഡ്. കോളേജുകൾ ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) എങ്കിൽ ഇത് സർക്കാർ നിയമിച്ച ഏതെങ്കിലും വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശം അനുസരിച്ചാണോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1. കേരള സർവ്വകലാശാലയുടെ കീഴിൽ ഗവ: കോളേജ് 1, എയ്ഡഡ് കോളേജ് 6, അൺ-എയ്ഡഡ് കോളേജ് 6, സർവ്വകലാശാല നേരിട്ട് നടത്തുന്ന 10 ബി.എഡ് സെന്ററുകൾ.

2. കോഴിക്കോട് സർവ്വകലാശാലയുടെ കീഴിൽ ഗവ: കോളേജ് 2, എയ്ഡഡ് കോളേജ് 2, അൺ-എയ്ഡഡ് കോളേജ് 16.

3. കണ്ണൂർ സർവ്വകലാശാലയുടെ കീഴിൽ ഗവ: കോളേജ് 1, എയ്ഡഡ് കോളേജ്, 2, യൂണിവേഴ്സിറ്റി നേരിട്ട് നടത്തുന്ന 3 ബി.എഡ് സെന്ററുകൾ. മഹാത്മാഗാന്ധി സർവ്വകലാശാലയെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1. കേരള സർവ്വകലാശാല

		വിദ്യാർത്ഥികൾ
ഗവ: കോളേജ്	-	200
എയ്ഡഡ് കോളേജ്	-	970
അൺ എയ്ഡഡ് ട്രെയിനിംഗ് കോളേജ്	-	600
ബി.എഡ്. സെന്ററുകൾ	-	1920

2. കോഴിക്കോട് സർവ്വകലാശാല

		വിദ്യാർത്ഥികൾ
ഗവ: കോളേജ്	-	240
എയ്ഡഡ് കോളേജ്	-	580
അൺ-എയ്ഡഡ് കോളേജ്	-	1830

3. കണ്ണൂർ സർവ്വകലാശാല

എയ്ഡഡ് കോളേജുകളിൽ 100 വീതവും മറ്റ് സ്ഥാപനങ്ങളിൽ 120 വീതവും വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നു.

എം.ജി. സർവ്വകലാശാലയെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) കണക്കാക്കിയിട്ടില്ല.

(ഡി) ഉണ്ട്. സ്വാശ്രയ മേഖലയിൽ.

(ഇ) സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ ശുപാർശ പ്രകാരമായിരിക്കും അനുവദിക്കുന്നത്.

ഗവൺമെന്റ് കോളേജുകളിലെ പൊതുസ്ഥലം മാറ്റം

131 (3690) ശ്രീ. മത്തായി ചാക്കോ :
ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് കോളേജ് അദ്ധ്യാപകരുടെ സ്ഥലം മാറ്റത്തിന് മാനദണ്ഡം നിലവിലുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കാമോ ;

(ബി) ഗവൺമെന്റ് കോളേജുകളിലെ പൊതുസ്ഥലം മാറ്റം ഈ വർഷം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് നടത്തിയത് ;

(സി) ഈ സ്ഥലം മാറ്റത്തിന് മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly